**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219** **11-03-2025 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിലെ ശ്രീകാര്യം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രീകാര്യം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിനുള്ള അപേക്ഷ ലഭ്യമായതായി കാണുന്നില്ല. ടി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കാട്ടായിക്കോണം ഗവ. യുപി.എസ്. നെ ഹൈസ്കൂളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (ബി) | 13.06.2007-ലെ സ.ഉ.(പി)നം. 107/2007/പൊവിവ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പുതുതായി സ്കൂളുകൾ അനുവദിക്കുന്നത്/ അപ്ഗ്രേഡ് ചെയ്യുന്നത്/ പുന:ക്രമീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം എന്ന ആവശ്യം പരിഗണിക്കാൻ ഇപ്പോൾ നിർവാഹമില്ല. |
| (സി) | ആനയറ വലിയഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോഎന്ന് വിശദമാക്കാമോ? | (സി) | 13.06.2007-ലെ സ.ഉ.(പി)നം. 107/2007/പൊവിവ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പുതുതായി സ്കൂളുകൾ അനുവദിക്കുന്നത്/ അപ്ഗ്രേഡ് ചെയ്യുന്നത്/ പുന:ക്രമീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം എന്ന ആവശ്യം പരിഗണിക്കാൻ ഇപ്പോൾ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ